പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

## ഗ്രാമവികസനവകുപ്പിന്റെ നേതൃത്വത്തിൽ ഗ്രാമീണറോഡുകളുടെ നിർമ്മാണം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3004

20.06.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. ജി. എസ്. ജയലാൽ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ഗ്രാമവികസനവകുപ്പിന്റെ നേതൃത്വത്തിൽ കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ ഗ്രാമീണറോഡുകളുടെ നിർമ്മാണം ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ടോ; | (എ) | ഉണ്ട്. പി.എം.ജി.എസ്.വൈ 100 ശതമാനം കേന്ദ്രസഹായമുള്ള പദ്ധതിയാണ്. എന്നാൽ പദ്ധതി പ്രദേശത്തുള്ള യൂട്ടിലിറ്റികൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള ചെലവും ടെണ്ടർ പ്രീമിയം, റേറ്റ് റിവിഷൻ, നിർമ്മാണം പൂർത്തികരിച്ചതിനുശേഷം 5 വർഷത്തെ അറ്റകുറ്റപണികൾക്കുള്ള ചെലവ് എന്നിവ സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്. എന്നാൽ പി.എം.ജി. എസ്.വൈയ്ക്ക് പിന്നാലെ നടപ്പിലാക്കാൻ പോകുന്ന പി.എം.ജി. എസ്.വൈ -II ൽ 75:25 (75 കേന്ദ്രം 25 സംസ്ഥാനം) എന്ന അനുപാതത്തിലാണ് ഫണ്ട് അനുവദിക്കുന്നത്. ഇപ്രകാരം പാക്കേജുകൾ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീക രിച്ചുവരുന്നു. |
| (ബി) | എങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം എത്ര റോഡുകൾ ഏറ്റെടുത്തുവെന്നും, ഇതിലേക്ക് എത്ര രൂപ വകയിരുത്തിയെന്നും അറിയിക്കുമോ; | (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം പി.എം.ജി.എസ്.വൈ പദ്ധതിയിൽ നിരവധി തവണ ടെണ്ടർ ക്ഷണിച്ചിട്ടും പ്രതികരണമില്ലാത്ത ഫേസ് 2 മുതൽ 7 വരെയുള്ള പ്രവൃത്തികൾ 2010 ഷെഡ്യൂൾ പ്രകാരം റിവൈസ് ചെയ്തടി പ്രവർത്തികൾക്ക് 42 ശതമാനം ടെണ്ടർ പ്രീമിയം അനുവദിച്ചത് വഴി 155 പ്രവൃത്തികൾക്ക് കരാർ ഉറപ്പിക്കുന്നതിന് സാധിച്ചു. കൂടാതെ ഫേസ് എട്ടിൽ ഉൾപ്പെടുത്തി മൂന്നു ബാച്ചുകളിലായി 688.96 കോടി രൂപ അടങ്കലിൽ 1011.71 കി.മി ദൈർഘ്യം വരുന്ന 415 റോഡുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി പ്രകാരം കൊല്ലം ജില്ലയിലെ എത്ര റോഡുകളാണ് നിർമ്മാണത്തിനായി ഏറ്റെടുത്തതെന്നും, ഈ റോഡുകൾ ഏതൊക്കെയാണെന്നും അറിയിക്കുമോ; | (സി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ഏതെങ്കിലും റോഡുകൾ പ്രസ്തുത പദ്ധതി പ്രകാരം ഏറ്റെടുത്തുവോ; വിശദാംശം അറിയിക്കുമോ; | (ഡി) | ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ റോഡുകൾ ഏറ്റെടുത്തിട്ടുണ്ട്.<br><br>1. പൂയപ്പള്ളി പഞ്ചായത്തിലെ നാൽക്കവല - മീയ്യണ്ണൂർ കോളമത്ത് റോഡ്- കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ ടെണ്ടർ ചെയ്യാനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>2. പൂയപ്പള്ളി പഞ്ചായത്തിലെ ഓട്ടുമല- ഓട്ടുമല കോളനി റോഡ്- ലോക്കൽ മാർക്കറ്റ് നിരക്കിൽ റിവൈസ് ചെയ്ത് റീ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ഇ) | ഗ്രാമീണറോഡുകൾ ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ഇ) | കേന്ദ്രസർക്കാർ അംഗീകരിച്ച കോർനെറ്റ് വർക്കിൽ ഉൾപ്പെട്ടതും 500ന് മുകളിൽ ജനസംഖ്യയുള്ളതുമായ 6 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡുകളാണ് പി.എം.ജി.എസ്.വൈ 1 ൽ ഏറ്റെടുത്തിരുന്നത്.<br><br>ജില്ലാ ഗ്രാമീണ റോഡ് പ്ലാനിൽ ഉൾപ്പെട്ട 5.5മീറ്ററും . അതിനുമുകളിലും ഉള്ള റോഡുകൾ ടാർ വീതിയിലാക്കുന്നതിന് വേണ്ടിയാണ് പി.എം.ജി.എസ്.വൈ II വിഭാവനം ചെയ്തിരിക്കുന്നത്. ഇതിന്റെ മുൻഗണനാക്രമം growth centers, Pavement condition index അനുസരിച്ചാണ് കണക്കാക്കുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

| ക്രമ നം. | ബ്ലോക്ക് | ഗ്രാമ പഞ്ചായത്ത് | പ്രവർത്തിയുടെ പേര് | നീളം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1 | പത്തനാപുരം | പട്ടാഴി | പനയനം - ദർഭ റോഡ് | 3.35 Km | G3 മെറ്റലിംഗ്ആരംഭി ച്ചു. |
| 2 | വെട്ടിക്കവല | വെട്ടിക്കവല | സദാനന്ദപുരം- കൊച്ചാലുംമൂട് റോഡ് | 4.62 Km | ഇനിഷ്യൽ വെല ൽസ് എടുക്കുന്ന പ്രവർത്തി പുരോഗതിയിലാണ്.. |
| 3 | വെട്ടിക്കവല | വെട്ടിക്കവല | കടുവാപ്പാറ - അഞ്ചനാം കുഴി റോഡ് | 1.48 Km | ” |
| 4 | വെട്ടിക്കവല | മൈലം | പുലമൺ- പ്ലാവറക്കോട്ട് ഭാഗം റോഡ് | 0.79 Km | ” |
| 5 | വെട്ടിക്കവല | മേലില | കരിക്കം-കിഴക്കേതെരുവ് റോഡ് | 3.04 Km | ” |
| 6 | വെട്ടിക്കവല | മേലില | ചെങ്ങമനാട്-ചേത്തടി റോഡ് | 1.35Km | ” |
| 7 | പത്തനാപുരം | തലവൂർ | കുര- പാറമുക്ക് റോഡ് | 3.185 Km | പി.ഡബ്ല്യു.ഡി. ചെയ്ത് കഴിഞ്ഞതിനാൽ ഒഴിവാക്കാൻ ശുപാർശ ചെയ്തിട്ടുണ്ട്. |
| 8 | കൊട്ടാരക്കര | പൂയപ്പള്ളി | നാൽക്കവല- മീയ്യണ്ണൂർ കോളമത്ത് റോഡ് | 0.855 Km | കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ കരാർ ഒഴിവാക്കി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 9 | കൊട്ടാരക്കര | വെളിയം | മുള്ളമ്പാറ-കുടവട്ടൂർ റോഡ് | | |
| 10 | കൊട്ടാരക്കര | എഴുകോൺ | ഇരുമ്പനങ്ങാട്- തുണ്ടിൽ കോളനി റോഡ് | 1.436 Km | കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ കരാർ ഒഴിവാക്കി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 11 | ശാസ്താംകോട്ട | ശൂരനാട് സൗത്ത് | കുമാരൻചിറ-കാക്കകുന്ന് റോഡ് | 2.31Km | ലോക്കൽ മാർക്കറ്റ് നിരക്കിൽ റിവൈസ് ചെയ്ത് റീ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. |
| 12 | ശാസ്താംകോട്ട | ശൂരനാട് സൗത്ത് | കുമാരൻചിറ അലിമുക്ക് റോഡ് | 1.54 Km | ” |
| 13 | ശാസ്താംകോട്ട | ശൂരനാട് സൗത്ത് | കണ്ണമം - പാറക്കടവ് റോഡ് | 1.09 Km | ” |
| 14 | പത്തനാപുരം | പട്ടാഴി വടക്കേക്കര | മല്ലൂർ-മല്ലൂർ കോളേജ് റോഡ് | 1.17Km | ” |
| 15 | പത്തനാപുരം | തലവൂർ | ആവണീശ്വരം മഞ്ഞക്കാല റോഡ് | 1.30 Km | ” |
| 16 | പത്തനാപുരം | തലവൂർ | കുര- അരിങ്ങ റോഡ് | 1.05 Km | ” |

| | | | | | |
|---|---|---|---|---|---|
| 17 | പത്തനാപുരം | തലവൂർ | കുര-കുര വായനശാല റോഡ് | 1.10 Km | ,, |
| 18 | പത്തനാപുരം | പത്തനാ പുരം | നെടുമ്പറമ്പ് -ഇടത്തറ റോഡ് | 2.40 Km | ,, |
| 19 | ചടയമംഗലം | വെളിനല്ലൂർ | കരിങ്ങല്ലൂർ-വെളിനല്ലൂർ റോഡ് | 2.25 Km | ,, |
| 20 | ചടയമംഗലം | ഇട്ടിവ | ചരിപ്പറമ്പ്-ചുണ്ട സൗത്ത് റോഡ് | 1.71 Km | ,, |
| 21 | ചടയമംഗലം | നിലമേൽ | എലിക്കുന്നമുകൾ -വെട്ടൻചിറ റോഡ് | 1027 1.027 Km | ,, |
| 22 | ചടയമംഗലം | ഇട്ടിവ | കോട്ടുക്കൽ-മലമ്പേരൂർ റോഡ് | 1.61 Km | ,, |
| 23 | ചടയമംഗലം | ഇളമാട് | കോട്ടക്കവിള-തേവന്നൂർ റോഡ് | 2.10 Km | ,, |
| 24 | അഞ്ചൽ | കരവാളൂർ | കരവാളൂർ-മാത്തറ റോഡ് | 1.83 Km | ,, |
| 25 | അഞ്ചൽ | ഇടമുള യ്ക്കൽ | പെരുങ്ങല്ലൂർ-ഒഴുകുപ്പാറ യ്ക്കൽ റോഡ് | 1.77 Km | ,, |
| 26 | അഞ്ചൽ | കരവാളൂർ | അടുക്കളമൂല-വേലം കോണം റോഡ് | 4.47 Km | ,, |
| 27 | അഞ്ചൽ | പുയപ്പള്ളി | ഓട്ടുമല-ഓട്ടുമല കോളനി റോഡ് | 0.89 Km | ,, |
| 28 | വെട്ടിക്കവല | കുളക്കട | കലയപുരം-ആറ്റുവാ ശ്ശേരി റോഡ് | 2.05 Km | ,, |
| 29 | അഞ്ചൽ | അഞ്ചൽ | ഓട്ടുമല-ഓട്ടുമല കോളനി റോഡ് | 0.89 Km | ,, |
| 30 | കൊട്ടാരക്കര | വെളിയം | മുട്ടറ-മുട്ടറ വെസ്റ്റ് റോഡ് | 1.75 Km | ,, |
| 31 | അഞ്ചൽ | ഇടമുള യ്ക്കൽ | കൊടിയാട്ടുവിള-പുന്ന ക്കാട് റോഡ് | 0.65 Km | പി.ഡബ്ല്യു.ഡി. ചെയ്ത് കഴിഞ്ഞതിനാൽ ഒഴിവാ ക്കാൻ ശുപാർശ ചെയ്തിട്ടുണ്ട്. |
| 32 | വെട്ടിക്കവല | ഉമ്മന്നൂർ | മേഴ്സി ഹോസ്പിറ്റൽ - അമ്പലക്കര - മുള്ളിയ്യ റോഡ് | 2.58 Km | ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. |
| 33 | പത്തനാപുരം | തലവൂർ | നെടുവണ്ണൂർ-പുത്തലത്ത് റോഡ് | 2.17 Km | ,, |
| 34 | പത്തനാപുരം | പിറവന്തൂർ | അലിമുക്ക് - ചെമ്പനരുവി റോഡ് | 5.94 Km | ,, |